# ജില്ലാ പഞ്ചായത്ത് എറണാകുളം

ISO 9001:2015 അംഗീകൃത കാര്യാലയം

06.10.2022

**പ്രസിദ്ധീകരണത്തിന്**

എറണാകുളം ജില്ലാ പഞ്ചായത്ത് 2022-23 സാമ്പത്തികവർഷം 'ചിത്രശാല' എന്ന പേരിൽ എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്ത് നിവാസികളായ വനിതകൾക്ക് ഒരു നൂതന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. അറിയപ്പെടാത്ത ഗ്രാമീണ ചിത്രകാരികൾക്ക് തങ്ങൾ വരച്ച ചിത്രങ്ങൾ ഒരാഴ്ച നീണ്ടുനിൽക്കുന്ന ചിത്രപ്രദർശനത്തിൽ പ്രദർശിപ്പിക്കുവാനും വിൽപ്പന നടത്തുവാനും ഉള്ള സാഹചര്യം ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രതിഭയുണ്ടായിട്ടും സമൂഹത്തിനു മുന്നിൽ തങ്ങളുടെ ചിത്രരചനകൾ അവതരിപ്പിക്കുവാൻ അവസരം ലഭിക്കാത്ത വനിതകൾക്ക് പ്രയോജനപ്പെടുന്നതിനായാണ് ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്നത്. താൽപര്യമുള്ള വനിതകൾ (പ്രായം 18 വയസിനു മുകളിൽ) തങ്ങൾ വരച്ച ചിത്രങ്ങളുടെ ഫോട്ടോയും ബയോഡാറ്റയും dpchithrashala2022@gmail.com എന്ന മെയിൽ ഐ.ഡി.യിൽ 31.10.2022 നകം അയച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9037170969, 9995404931, എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

for സെക്രട്ടറി

കാക്കനാട് പി.ഒ. പിൻ 682030 ഫോൺ 0484-2425205, 2422520 ഇമെയിൽ : dpeklm@gmail.com